# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1469**.

**06-03-2017 ൽ മറുപടിയ്ക്ക്**

## കൃഷി വകുപ്പിന്റെ കീഴിൽ കേന്ദ്രപദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേന്ദ്രപദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികളും കേന്ദ്ര പദ്ധതികളും സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ കേന്ദ്ര പദ്ധതികൾക്കായി ലഭിച്ചതും ചെലവാക്കിയതുമായ തുക വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ കേന്ദ്ര പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുക (വാർഷികാടിസ്ഥാനത്തിൽ) അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | 2017-18 ലെ കേന്ദ്ര ബഡ്ജറ്റിൽ കൃഷിക്കും മറ്റ് അനുബന്ധ മേഖലകൾക്കുമായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാനത്തിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ലഭ്യമാകുമെന്ന് വിശദമാക്കാമോ? | (സി) | കേരള സംസ്ഥാനത്തിന് വിവിധ പദ്ധതികളിലായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും 2017-18 സാമ്പത്തിക വർഷം തുടക്കത്തിൽ തന്നെ അറിയിക്കുന്ന പ്രകാരം ഓരോ പദ്ധതിക്കും ആനുവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്ന നടപടിക്രമങ്ങളാണ് നിലവിൽ അനുവർത്തിച്ചു വരുന്നത്. ആയതിനാൽ വിവിധ പദ്ധതികളിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന കേന്ദ്രവിഹിതത്തിന്റെ വിശദാംശം നിലവിൽ കൃഷി വകുപ്പിൽ ലഭ്യമല്ല. 2017-18 ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് നീക്കി വച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ |

ചേർക്കുന്നു.

- കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതിയായ ഫസൽ ഭീമ യോജന (PFBY) പദ്ധതിയുടെ കവറേജ് 2016-17 ൽ മൊത്തം കൃഷി ചെയ്യുന്ന വിസ്തൃതിയുടെ 30% എന്നത് 2017-18 ൽ 40% ആയും 2018-19 ൽ 50% ആയും വർദ്ധിപ്പിക്കുകയും ഇതിനായി 9000 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
- കാർഷിക മേഖലയ്ക്കുള്ള വായ്പ 2017-18 ൽ 10 ലക്ഷം കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.
- ഹ്രസ്വകാല വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിന് 15000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- വിപണി ഇടപെടൽ, പ്രൈസ് സപ്പോർട്ട് എന്നീ പദ്ധതികൾക്കായി 199.30 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

സംസ്ഥാനങ്ങൾക്കായി / യൂണിയൻ ടെറിറ്ററികൾക്കായി പ്രത്യേക സ്കീമുകളിലായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

1. പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന – 3400 കോടി രൂപ

2. ഹരിത വിപ്ലവ പദ്ധതികൾ

| പദ്ധതി | തുക (രൂപ കോടി) |
|---|---|
| രാഷ്ട്രീയ കൃഷി വികാസ് യോജന (റവന്യൂ) | 4750.00 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (റവന്യൂ) | 1720.00 |
| നാഷണൽ പ്രോജക്ട് ഓൺ ഓർഗാനിക് ഫാമിംഗ് (ക്യാപിറ്റൽ) | 1.00 |
| ഓർഗാനിക് വാല്യൂ | 100.00 |

| | |
|---|---|
| ചെയിൻ ഡവലപ് മെന്റ് - വടക്കു കിഴക്കൻ മേഖലകളിൽ (റവന്യൂ) | |
| നാഷണൽ പ്രോജക്റ്റ് ഓൺ സോയിൽ ഹെൽത്ത് & ഫെർട്ടിലിറ്റി (റവന്യൂ) | 450.00 |
| (ക്യാപിറ്റൽ) | 2.00 |
| റെയിൻഫെഡ് ഏരിയ ഡെവലപ്പ് മെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച് (റവന്യൂ) | 223.00 |
| പരമ്പരാഗത കൃഷി വികാസ് യോജന (റവന്യൂ) | 350.00 |
| നാഷണൽ പ്രോജക്റ്റ് ഓൺ അഗ്രോ ഫോറസ്ട്രി (റവന്യൂ) | 100.00 |
| നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (റവന്യൂ) | 403.00 |
| നാഷണൽ മിഷൻ ഓൺ ഹോർട്ടിക്കൾച്ചർ മിഷൻ (റവന്യൂ) | 2316.00 |
| (ക്യാപിറ്റൽ) | 4.00 |
| സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരി | 185.00 |

| | |
|---|---|
| യൽ (റവന്യൂ) | |
| (ക്യാപിറ്റൽ) | 15.00 |
| സബ്മിഷൻ ഓൺ പ്ലാന്റ് പ്രൊട്ടക്ഷൻ & പ്ലാന്റ് ക്വാറന്റൈൻ (റവന്യൂ) | 44.00 |
| (ക്യാപിറ്റൽ) | 6.00 |
| സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ (റവന്യൂ) | 912.00 |
| ഇൻഫർമേഷൻ ടെക്നോളജി (റവന്യൂ) | 65.00 |
| സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (റവന്യൂ) | 525.00 |
| (ക്യാപിറ്റൽ) | 25.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രിക്കൾച്ചർ സെൻസസ് & സ്റ്റാറ്റിസ്റ്റിക്സ് (റവന്യൂ) | 225.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രിക്കൾച്ചർ കോ-ഓപ്പറേഷൻ (റവന്യൂ) | 130.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് (റവന്യൂ) | 1189.00 |
| (ക്യാപിറ്റൽ) | 1.00 |

**സംസ്ഥാനങ്ങൾക്ക് / യൂണിയൻ ടെറിറ്ററികൾക്കായി നീക്കിവെച്ച തുക**

ഹരിത വിപ്ലവ പദ്ധതികൾക്ക് വകയിരുത്തിയ തുക

റവന്യൂ - 13687.00 കോടി രൂപ

ക്യാപിറ്റൽ - 54.00 കോടി രൂപ

---

ആകെ 13741.00 കോടി രൂപ

പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന – 3400.00 കോടി രൂപ (റവന്യൂ)

---

ആകെ - **17141.00 കോടി രൂപ**

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ

കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

**<u>സംസ്ഥാന പദ്ധതികൾ</u>**

1. ഭക്ഷ്യ സുരക്ഷാ പദ്ധതി
2. നെൽകൃഷി വികസന പദ്ധതി
3. നാളികേര വികസന പദ്ധതി
4. കൃഷി വകുപ്പിന്റെകീഴിലെ ഫാമുകളിലൂടെ നടീൽ വസ്തുക്കളുടെ ഉൽപാദന വർദ്ധനവ്
5. കേരളത്തിലെ കൃഷിസമ്പ്രദായങ്ങളെ കുറിച്ച് ഗവേഷണം
6. കൃഷി വകുപ്പിന് കീഴിലുള്ള ലാബുകളുടെ നവീകരണം
7. ജൈവകൃഷി
8. സംയോജിത കീടനിയന്ത്രണം
9. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം
10. ഫാം ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ
11. കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ
12. വിള ഇൻഷ്വറൻസ് പദ്ധതി
13. പയർ / കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം
14. അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും
15. ഹൈ-ടെക് അഗ്രിക്കൾച്ചർ
16. പച്ചക്കറി കൃഷി വികസനം
17. വി.എഫ്.പി.സി.കെ. മുഖാന്തിരമുള്ള പച്ചക്കറി കൃഷി വികസനം
18. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനുള്ള സംസ്ഥാന വിഹിതം
19. പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള അടിയന്തിര നടപടികൾ
20. രാഷ്ട്രീയ കൃഷി വികാസ് യോജന
21. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്
22. മണ്ണിന്റെ ആരോഗ്യ സംരക്ഷണവും ഉൽപാദന ക്ഷമതാ വർദ്ധനവും
23. വയനാട് പാക്കേജ്
24. ഇൻകം സപ്പോർട്ടിനായുള്ള പൈലറ്റ് പദ്ധതി
25. മാനവ വിഭവശേഷി വികസനം
26. വിപണി വികസനം
27. വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടൽ
28. മൂല്യവർദ്ധനവ്
29. കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷനുള്ള സംസ്ഥാന വിഹിതം
30. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.)
31. സൂക്ഷ്മ ജലസേചനം - സംസ്ഥാന വിഹിതം
32. തരിശുനില കൃഷി
33. സംസ്ഥാന വിത്ത് വികസന അതോറിറ്റിക്കുള്ള സഹായം
34. കേരള കാർഷിക സർവ്വകലാശാല മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം

35. കർഷക കടാശ്വാസ കമ്മീഷൻ
36. കാലാവസ്ഥാ വ്യതിയാനത്തോടുള്ള പൊരുത്തപ്പെടൽ
37. വയനാട് ജില്ലയിൽ കുരുമുളക് പാക്കേജ്
38. കർഷക സേവന പദ്ധതി
39. കേരള കാർഷിക സർവ്വകലാശാല മുഖേന കൃഷി വിജ്ഞാന വ്യാപനം
40. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി
41. നെൽകൃഷിക്കുള്ള വിള ഇൻഷ്വറൻസ് പദ്ധതി
42. ചെറു കൃഷിയിടങ്ങളിലെ യന്ത്രവത്ക്കരണവും കാർഷിക എഞ്ചിനീയറിംഗ് സേവനവും
43. വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം
44. കിസാൻ പ്രോജക്റ്റ്
45. ഹോർട്ടികോർപ്പിനുള്ള ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ
46. ഓൺ ഫാം ട്രയലും ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനും
47. ആത്മാ പദ്ധതി- സംസ്ഥാന വിഹിതം
48. കാർഷികോൽപന്നങ്ങളുടെ ഗ്രേഡിംഗ്
49. ഡബ്ല്യു.ടി.ഒ.സെല്ലിന് സഹായം
50. സമേതി
51. കേരള അഗ്രോ ഇൻഡസ്ട്രീസിനുള്ള സഹായം
52. വിള ആരോഗ്യ പരിപാലനം
53. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി
54. പച്ചക്കറിക്കുള്ള വിള ഇൻഷ്വറൻസ് പദ്ധതി
55. കേരള കാർഷിക സർവ്വകലാശാലയിലൂടെ നീരയുടെ ഉൽപാദനം
56. കുട്ടനാട് ഹെറിറ്റേജ് പ്രോജക്റ്റ്
57. ആത്മ കാൾ സെന്റർ
58. സംയോജിതകൃഷിത്തോട്ട പദ്ധതി
59. സംയോജിത കാർഷിക കോംപ്ലക്സ്
60. വിദ്യാലയങ്ങളിൽ ബയോഗ്യാസ് പദ്ധതി
61. പതിന്നാലാം ധനകാര്യ കമ്മീഷൻ അവാർഡ്
62. കേരള പെർസ്പെക്റ്റീവ് പ്ലാൻ 2030 ന്റെ ഭാഗമായുള്ള മുൻഗണനാ പദ്ധതികളുടെ നിർവ്വഹണം

**<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

1. സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം
2. പ്രാദേശിക തെങ്ങിൻ നഴ്സറികൾ സ്ഥാപിക്കുക
3. തെങ്ങിൻ തോട്ടങ്ങളിൽ സമഗ്ര നാളികേര വികസന പദ്ധതി
4. നെൽകൃഷി വികസനം
5. കാർഷിക യന്ത്രവത്ക്കരണം (75% കേന്ദ്രാവിഷ്കൃതം)
6. കാർഷിക യന്ത്രവത്ക്കരണം (100% കേന്ദ്രാവിഷ്കൃതം)
7. പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി - പ്രോത്സാഹനം ശാക്തീകരണം
8. ആത്മ പദ്ധതി
9. സബ് മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാന്റിംഗ് മെറ്റീരിയൽസ്
10. റെയിൻഫെഡ് ഏരിയ ഡെവലപ്പ്മെന്റ്

11. ഓൺ ഫാം വാട്ടർ മാനേജ്മെന്റ്
12. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം
13. ബയോഗ്യാസ് ഡെവലപ്മെന്റ് പദ്ധതി
14. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ
15. രാഷ്ട്രീയ കൃഷി വികാസ് യോജന
16. നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാം
17. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ
18. സോയിൽ ഹെൽത്ത് മാനേജ്മെന്റ്
19. സോയിൽ ഹെൽത്ത് കാർഡ്
20. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ
21. മൈക്രോ ഇറിഗേഷൻ
22. പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന
23. പ്രധാന മന്ത്രി കൃഷി വികാസ് യോജന

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്